"ഭരണ ഭാഷ - മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്
# (കേരള സംസ്ഥാനം)

നമ്പർ. ഐ 2/5285/2018 തീയതി: 23.02.2018

ട്രെയിനിംഗ് ഡയറക്ടർ

എല്ലാ വനിത ഐടിഐ പ്രിൻസിപാൾമാർക്കും

സർ

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- ട്രെയിനിംഗ് ഡയറക്ടറേറ്റ്- പ്ലാനിംഗ് - 2018 -19 സാമ്പത്തിക വർഷം മുതൽ വനിത ഐ.ടി.ഐയിൽ ഉച്ചഭക്ഷണ പദ്ധതി ആവിഷ്കരിക്കുന്നത് -മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത്- സംബന്ധിച്ച്.

സൂചന:- ഗ്രീൻ ബുക്ക് 2018 -19

വകുപ്പിന് കീഴിലുള്ള വനിത ഐ.ടി.ഐകളിൽ ഉച്ചഭക്ഷണ പരിപാടി ആവിഷ്കരിക്കുന്ന വിഷയം 2018-19 ലെ ഗ്രീൻബുക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഉച്ചഭക്ഷണ പരിപാടി നടപ്പിലാക്കുന്നതിനായി ഇതോടൊപ്പം ചേർത്തിട്ടുള്ള വിഭവങ്ങൾ ഉൾപ്പെടുത്തി മൽസരാടിസ്ഥാനത്തിൽ അതത് സ്ഥാപനമേധാവികൾ Quatation ക്ഷണിക്കേണ്ടതാണ്. ലഭ്യമാകുന്ന Quatation കൾ പരിശോധിച്ച് ടാബുലേഷൻ സ്റ്റേറ്റ്മെന്റ് സഹിതം ഈ കാര്യലയത്തിലേക്ക് അയച്ച് തരേണ്ടതാണ്. വിതരണം ചെയ്യേണ്ട വിഭവങ്ങൾ, ഈ പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് പാലിക്കേണ്ട നിബന്ധനകൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**<u>വിതരണം ചെയ്യേണ്ട വിഭവങ്ങൾ</u>**

| ക്രമനം. | ഇനം | അളവ് | റിമാർക്ക്സ് |
|---|---|---|---|
| 1 | ചോറ് | ആവശ്യത്തിന് | |
| 2 | അവിയൽ | 3 ടേബിൾ സ്പൂൺ | ക്രമനം. (2), (3) എന്നിവ ഇടവിട്ട ദിവസങ്ങളിൽ നൽകേണ്ടതാണ് |
| 3 | തോരൻ | 3 ടേബിൾ സ്പൂൺ | |
| 4 | സാമ്പാർ/പരിപ്പ്/രസം/മോര് | ആവശ്യാനുസരണം | ഏതെങ്കിലും രണ്ട് കറികൾ |
| 5 | കിച്ചടി | 3 ടേബിൾ സ്പൂൺ | |
| 6 | പയർ വർഗ്ഗങ്ങൾ | | സസ്യാഹാരം കഴിക്കുന്നവർക്ക് |
| 7 | അച്ചാർ | 1 ടേബിൾ സ്പൂൺ | |
| | | | ആഴ്ചയിൽ ഒരു |

| | | | |
|---|---|---|---|
| 8 | മത്സ്യം/കോഴിയിറച്ചി/ആട്ടിറച്ചി | 100 ഗ്രാം | ദിവസം മത്സ്യം, ഒരു ദിവസം കോഴിയിറച്ചി, ഒരു ദിവസം ആട്ടിറച്ചി |
| 9 | പപ്പടം | ഒരെണ്ണം | |
| 10 | ചൂടുവെള്ളം | ആവശ്യാനുസരണം | |

*ഭക്ഷണാവശിഷ്ടം, മറ്റ് അവശിഷ്ടങ്ങൾ എന്നിവ അന്തരീക്ഷ മലിനീകരണം ഉണ്ടാകാത്ത വിധം ക്വട്ടേഷൻ ലഭിച്ച സ്ഥാപനം യഥാവിധി നീക്കം ചെയ്യേണ്ടതാണ്.

**ഉച്ചഭക്ഷണ പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് പാലിക്കേണ്ട നിബന്ധനകൾ**

1. പരിശീലനാർത്ഥികളുടെ ട്രെയിനിംഗിന് തടസ്സം ഉണ്ടാകാത്ത വിധം ഉച്ചഭക്ഷണം വിതരണം നടത്തുന്നതിനുള്ള സമയം ക്രമീകരിക്കേണ്ടതാണ്.

2. ഉച്ചഭക്ഷണം പാചകം ചെയ്യുന്നതും വിതരണം ചെയ്യുന്നതും വൃത്തിയുള്ള സാഹചര്യത്തിൽ ആയിരിക്കണമെന്ന് അതാത് പ്രിൻസിപ്പാൾമാർ ഉറപ്പു വരുത്തേണ്ടതാണ്.

3. ഭക്ഷണാവശിഷ്ടങ്ങൾ, മറ്റ് അവശിഷ്ടങ്ങൾ **എന്നിവ പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാകാത്ത വിധം യഥാവിധി നീക്കം ചെയ്യേണ്ടതാണ്.**

**4.** പദ്ധതിയുടെ വിജയകരമായ നടത്തിപ്പിനായി സ്ഥാപനത്തിലെ ഉദ്യോഗസ്ഥർ, ട്രെയിനികൾ എന്നിവരെ ഉൾപ്പെടുത്തി ഒരു കമ്മറ്റി രൂപീകരിക്കേണ്ടതാണ്.

5. ഭക്ഷണ സാധനങ്ങൾ കൃത്യമായ അളവിൽ വിതരണം നടത്തുന്നുണ്ടോയെന്ന് കമ്മറ്റി ഉറപ്പു വരുത്തേണ്ടതാണ്.

6. ഓരോ മാസത്തേയും ചെലവ് വിവരം അതാത് മാസത്തെ പ്ലാൻ എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തി അയച്ചു തരേണ്ടതാണ്.

7. ഓരോ ട്രേഡിനുമുള്ള ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർത്തിട്ടുള്ള മാതൃകയിൽ അയച്ചുതരേണ്ടതാണ്.

| Sl.No. | Trade | No. of beneficiaries | No. of Days issued | Amount |
|---|---|---|---|---|
| | | | | |

**8.** ചെലവ് സംബന്ധിച്ചുള്ള വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള രജിസ്റ്റർ സ്ഥാപനത്തിൽ സൂക്ഷിക്കേണ്ടതാണ്.

9. ബന്ധപ്പെട്ട ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗുമാർ എല്ലാ മാസവും സ്ഥാപനത്തിൽ സന്ദർശനം നടത്തേണ്ടതും രജിസ്റ്റർ പരിശോധിച്ച് പ്രസ്തുത പദ്ധതി വിജയകരമായി നടപ്പിലാക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തേണ്ടതും ആയത് സംബന്ധിച്ച റിപ്പോർട്ട് ഈ കാര്യാലയത്തിൽ അയച്ചു തരേണ്ടതുമാണ്.

2018 -19 സാമ്പത്തിക വർഷം വനിത ഐ.ടി.ഐകളിലെ ട്രെയിനികൾക്ക് ഉച്ചഭക്ഷണം വിതരണം നടത്തുന്നതിനുള്ള അടിയന്തിര നടപടികൾ ബന്ധപ്പെട്ട സ്ഥാപന മേധാവികൾ സ്വീകരിക്കേണ്ടതാണ്.

വിശ്വസ്തതയോടെ

പി.കെ. മാധവൻ
അഡീഷണൽ ഡയറക്ടർ ഓഫ്
ട്രെയിനിങ്
ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി

പകർപ്പ്:- എല്ലാ ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗുമാർക്കും; മേൽ നടപടികൾ സ്വീകരിക്കുന്നതിലേക്കായി